"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - 'ശുചിത്വ സാഗരം സുന്ദര തീരം' പദ്ധതിയുടെ രണ്ടാം ഘട്ടമായ പ്ലാസ്റ്റിക് നിർമ്മാർജ്ജന യജ്ഞത്തിന് 90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.239/2025/F&P തീയതി,തിരുവനന്തപുരം, 28-03-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം. 271/2022/മ.തു.വ. തീയതി 04.05.2022.
2. സ.ഉ.(സാധാ) നം. 321/2022/മ.തു.വ തീയതി 25/05/2022.
3. ഫിഷറിസ് ഡയറക്ടറുടെ 27.03.2025-ലെ DFTVM/865/2022-G2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശുചിത്വ സാഗരം സുന്ദര തീരം' പദ്ധതിയുടെ മാർഗ്ഗരേഖ പരാമർശം (1) പ്രകാരം അംഗീകരിയ്ക്കുകയും പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സംസ്ഥാനതല ക്യാമ്പയിൻ സെൽ രൂപീകരിച്ചുകൊണ്ടും, സംസ്ഥാനതല/ ജില്ലാതല കോ-ഓർഡിനേഷൻ കമ്മിറ്റി പുനഃസംഘടിപ്പിച്ചുകൊണ്ടും പരാമർശം (2) പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

2. 12/03/2025-ന് ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ 'ശുചിത്വ സാഗരം സുന്ദര തീരം' പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനമായ ഏകദിന ക്യാമ്പയിൻ 2025 ഏപ്രിൽ 11 നു നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

3.'ശുചിത്വ സാഗരം സുന്ദര തീരം' രണ്ടാം ഘട്ട പരിപാടി നടപ്പിലാക്കുന്നതിന് 90 ലക്ഷം രൂപ 2024-25 സാമ്പത്തിക വർഷത്തെ 2405-00-103-69 (P) ശീർഷകത്തിൽ നിന്നും ചുവടെ പ്രകാരം വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകണമെന്നും ഫണ്ട് അനുവദിക്കണമെന്നും ഫിഷറീസ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

| Sl No. | Item | Unit cost (Rs.) | Quantity nos. | Total Cost (Rs. in lakh) |
|---|---|---|---|---|
| | Publicity and awareness campaign | 1000/- per | | |

| | | | | |
|---|---|---|---|---|
| 1 | Publicity and awareness campaign in 483 kendras @ Rs.1000/kendra | 1000/- per kendra | - | 4.83 |
| 2 | Procurement of Collection Bags for 483 kendras @ Rs.500/kendra | 500/- per kendra | - | 2.42 |
| 3 | Procurement of Uniform (TShirt, Cap) for 25 volunteers each in 483 kendras | 250/- per volunteer | 12075 (25x483) | 30.19 |
| 4 | Bottle booths at 100 location along the coast | 20000/- per booth | 100 | 20.00 |
| 5 | Tools for Health Precaution (Gloves, Mask, Sanitizer/ Dettol) for 25 volunteers each in 483 kendras | 50/- per volunteer | 12075 (25x483) | 6.04 |
| 6 | Refreshment (Snacks, Tea, Drinking Water, Lunch) for 25 volunteers each in 483 kendras | 100/- per volunteer | 12075 (25x483) | 12.08 |
| 7 | Award (Hon'ble CM's Ever Rolling Trophy) and cash award Rs.50000/- for best performing District | - | 1 | 0.50 |
| 8 | Award to best performing 2 Panchayats each in the 9 Marine districts - ever rolling trophy and cash award of Rs.10,000/- each. | - | 18 | 1.80 |
| 9 | Documentation of implementation in 483 kendras @ Rs.1000/kendra | LS | - | 7.25 |
| 10 | Transportation for 483 kendras in 9 districts @ Rs.1000/kendra | LS | - | 3.62 |
| 11 | Contingency | - | - | 1.27 |
| | **TOTAL (Rupees Ninety lakh only)** | | | **90.00** |

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശുചിത്വ സാഗരം സുന്ദര തീരം പദ്ധതിയുടെ രണ്ടാം ഘട്ടമായ പ്ലാസ്റ്റിക് നിർമ്മാർജ്ജന യജ്ഞത്തിന് 2405-00-103-69 (P) ശീർഷകത്തിൽ നിന്നും 90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു. ഫണ്ട് 2025-26 സാമ്പത്തിക വർഷത്തെ വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ടതാണെന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SREEKALA T P**

ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ്(2256699/WCD-2/34/2022-ഫിൻ തീയതി 28.03.2025)

ഡയറക്ടർ, വെബ് ആൻഡ് ന്യൂ മീഡിയ

കരുതൽ ഫയൽ/ഓഫീസ് പകർപ്പ് .

ഉത്തരവിൻ പ്രകാരം

Signed by

Asbina A V

Date: 28-03-2025 17:35:53

സെക്ഷൻ ഓഫീസർ

Signed by Sreekala T P

Date: 28-03-2025 17:34:18